**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5896 19.11.2019-ലെ മറുപടിക്ക്

**പെട്രോൾ കെമിക്കൽ ആന്റ് ഫാർമ പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പെട്രോൾ കെമിക്കൽ ആന്റ് ഫാർമ പാർക്കിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.1022/2019/ഐ.ഡി തീയതി. 11/10/2019 പ്രകാരം 481.79 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഭൂമി കൈമാറി 24 മാസത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) പ്രസ്തുത സ്ഥാപനം വഴി എന്തൊക്കെ ഉല്പന്നങ്ങൾ വിപണിയിലിറക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദമാക്കാമോ; | ഫാക്ടിൽ നിന്നും വാങ്ങുന്ന ഭൂമിയിൽ പ്രെട്രോകെമിക്കൽ ഉൽപന്നങ്ങളുടെ ബൈപ്രോഡക്ടുകൾ ഫാർമസ്യൂട്ടിക്കൽ മേഖലയ്ക്ക് അനുയോജ്യമായ അസംസ്കൃത വസ്തുക്കളായി മാറുന്നുണ്ട്. ആയതിനാൽ അത്തരത്തിലുള്ള വ്യവസായങ്ങൾക്ക് പ്രസ്തുത പാർക്കിൽ നിക്ഷേപിക്കുന്നതിന് അവസരങ്ങൾ ഉണ്ട്. |
| (സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | ഏകദേശം 1200 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**